പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 138 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വിഭജനം

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. കെ.എൻ.എ ഖാദർ

" ടി. വി. ഇബ്രാഹിം

" സി.മമ്മൂട്ടി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ സ്വതന്ത്ര്യാധികാരമുള്ള മൂന്ന് മേഖലകളായി വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രൊഫ.സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി മൂന്ന് മേഖലകളാക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് മേഖലകളായി വിഭജിക്കുന്നത് സംബന്ധിച്ച നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചു വരികയാണ്. |
| (ബി) | ഇതിനെ ആധാരമാക്കി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോർപ്പറേഷന്റെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി പഠനം നടത്തുന്നതിനായി പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും അദ്ദേഹം സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൻ പ്രകാരം മൂന്ന് സോണൽ ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കുന്ന തടക്കമുള്ള കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വളരെ കുറഞ്ഞ വിഹിതം കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രമുള്ള മലബാർ, എറണാകുളം മേഖലകളിൽ വിഭജനം നടക്കുമ്പോൾ എപ്രകാരമാണ് ബസ് വിഹിതം അനുവദിക്കുക എന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി.യെ മേഖലകളായി വിഭജിക്കുന്നത് സംബന്ധിച്ച നടപടികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ചു വരികയാണ്. ബസ് വിഹിതം അനുവദിക്കുന്നതു സംബന്ധിച്ച് എന്നും കണക്കാക്കിയിട്ടില്ല. |
| (ഡി) | മൂന്ന് മേഖലകളായി വിഭജിക്കുന്ന പക്ഷം ഓരോ മേഖലയുടെയും തലപ്പത്ത് എക്സിക്യൂട്ടീവ് ഡയറക്ടർമാരെ നിയമിക്കേണ്ടി വരുന്നതിനാൽ അപ്രകാരമുള്ള അധിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | മൂന്ന് മേഖലകളായി വിഭജിക്കുന്ന പക്ഷം നിലവിലെ ജീവനക്കാരുടെ പുനർ വിന്യാസം മാത്രമേ ആവശ്യമായി വരികയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ അധിക ബാധ്യത ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**